## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1262 | 11.02.2016 ൽ മറുപടിയ്ക്ക്

### നെല്ല് സംഭരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണത്തിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | തദ്ദേശീയമായി ഉത്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് സംസ്കരിച്ച് അതിൽ നിന്ന് ലഭ്യമാകുന്ന അരി പ്രാദേശികമായി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | നെല്ല് കൃഷിചെയ്യുന്ന കർഷകരുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി ചെയ്യുന്നു.<br><br>കൊയ്ത്ത് കഴിയുന്ന ഉടൻതന്നെ, കർഷകരിൽ നിന്ന് നിശ്ചിത ഗുണമേന്മയുള്ള നെല്ല്, സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖേന സംഭരിക്കുന്നു.<br><br>സംഭരിച്ച നെല്ല് സമയബന്ധിതമായി നവീന രീതിയിൽ പുഴുങ്ങി കുത്തി അരിയാക്കി വിതരണത്തിന് തയ്യാറാക്കുന്നു.<br><br>ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ നിർദ്ദേശനുസരണം ഓരോ മാസവും ടി അരി മില്ലുകളിൽ നിന്ന് വിട്ടുകൊടുക്കുന്നു. |

സെക്ഷൻ ഓഫീസർ